"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- മുതലപ്പൊഴി മത്സ്യബന്ധന തുറമുഖപ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നതടക്കമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുവാൻ സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷൻ (CWPRS)- നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.660/2022/F&P തീയതി,തിരുവനന്തപുരം, 22-10-2022

---

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.10.2022 തീയതിയിലെ എച്ച്.ഇ.സി.ഇ./49670/2021-ഡി.ആർ.8 നമ്പർ കത്ത്.

**ഉത്തരവ്**

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് ഫിഷറീസ് വകുപ്പ് മന്ത്രി 12/10/2022-ന് മുതലപ്പൊഴി ഹാർബർ സന്ദർശിക്കുകയും പ്രശ്നപരിഹാരത്തിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന്, മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനു സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷനെ (CWPRS) ചുമതലപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നതടക്കമുള്ള പ്രശ്നങ്ങൾ പരിശോധിച്ച്, പരിഹാര നിർദ്ദേശം സമർപ്പിക്കുന്നതിന് സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷനെ (CWPRS) ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(3) പഠന റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, സെൻട്രൽ വാട്ടർ & പവർ റിസെർച്ച് സ്റ്റേഷൻ (CWPRS), പൂനെ

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്